LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് എയ്ഡഡ് മേഖലയിൽ പുതിയതായി കോഴ്സുകൾ ആരംഭിക്കാൻ നടപടി

76 [3602] *ശ്രീ. കെ. സി. ജോസഫ്*; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഹൈസ്കൂൾ പോലുമില്ലാത്ത എത്ര പഞ്ചായത്തുകൾ ഇപ്പോൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കന്ററി കോഴ്സുകൾ എയ്ഡഡ്, ഗവൺമെന്റ് മേഖലകളിൽ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പുതിയതായി ഗവൺമെന്റ് മേഖലയിലോ എയ്ഡഡ് മേഖലയിലോ സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാല് പഞ്ചായത്തുകൾ ഉണ്ട്.

1. പനയം പഞ്ചായത്ത്, കൊല്ലം.
2. പെരുമണ്ണ പഞ്ചായത്ത്, കോഴിക്കോട്.
3. പടിയൂർ പഞ്ചായത്ത്, കണ്ണൂർ.
4. പൊൻമുണ്ടം പഞ്ചായത്ത്, മലപ്പുറം.

(ബി) വിവരം ഉടൻ ശേഖരിച്ചു നൽകുന്നതാണ്.

(സി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂളുകൾ തുടങ്ങുന്നതിനോ, അപ്ഗ്രേഡ് ചെയ്യുന്നതിനോ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

77 [3603] *ഡോ. തോമസ് ഐസക്*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ 2001-2002 മുതൽ 2004-2005 വരെയുള്ള ഓരോ വർഷവും എന്തു തുക എന്തൊക്കെ ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പുതുതായി ആരംഭിച്ച കോഴ്സുകൾ ഏതൊക്കെയെന്നും ഓരോ കോഴ്സിനും അനുവദിച്ച സീറ്റുകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കുമോ;

(സി) പുതിയ കോഴ്സുകളോ ബാച്ചുകളോ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ ഏത് ഘട്ടം വരെ ആയിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ 2001-2002 മുതൽ 2004-2005 വരെയുള്ള ഓരോ വർഷവും വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി വയ്ക്കുന്നു. †

(ബി) 2001-2002 മുതൽ 2004-2005 വരെയുള്ള കാലയളവിൽ പുതുതായി വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളൊന്നും ആരംഭിച്ചിട്ടില്ല.

(സി) ഉണ്ട്. പുതിയ 100 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും (രണ്ട് ബാച്ചു വീതം) നിലവിലുള്ള സ്കൂളുകളിൽ 200 അധിക ബാച്ചുകളും ആരംഭിക്കുവാനുള്ള അനുമതിക്കായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്.

എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം

78 [3604] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *പി. നാരായണൻ:*
,, *എൻ. രാജൻ:*
,, *ബിനോയ് വിശ്വം:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ജില്ലാ നാഷണൽ സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് പദ്ധതികളിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിൽ വീഴ്ചവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർഹരായ വിദ്യാർത്ഥികളെ യഥാസമയം സ്കോളർഷിപ്പിന് തെരഞ്ഞെടുക്കുന്നതിനും അവർക്ക് സ്കോളർഷിപ്പ് സംഖ്യ വിതരണം ചെയ്യുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ;

---

† അനുബന്ധം VI.

LIBRARY ARCHIVES Kerala Legislative Assembly